"ഭരണഭാഷ- മാതൃഭാഷ"

പി.എൽ1/23927/17/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 27.03.2017.

# സർക്കുലർ

വിഷയം : പൊ.വി.-സ്കൂളുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ-ശുചിത്വ മിഷന്റെ സഹകരണത്തോടെ വിഷു ആശംസാകാർഡ് നിർമ്മാണം-സംബന്ധിച്ച്.

സൂചന : കത്ത് നം.976/എ/2017/എസ്.എം. തീയതി 25.03.2017.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളിലൂടെ പ്ലാസ്റ്റിക് വസ്തുക്കളുടേയും ഡിസ്പോസിബിൾ വസ്തുക്കളുടേയും ഉപയോഗം നിരോധിച്ചിരിക്കുകയാണല്ലോ. ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളും അവയുടെ നടത്തിപ്പും സംബന്ധിച്ച വിഷയത്തിൽ അദ്ധ്യാപകർക്കും, കുട്ടികൾക്കും ഒപ്പം തന്നെ പി.ടി.എ വഴി രക്ഷാകർത്താക്കൾക്കും കൃത്യമായ അറിവ് പകരേണ്ടതുണ്ട്. അത്കൊണ്ട് തന്നെ പ്രസ്തുത വിഷയം മുൻനിർത്തി ഘട്ടംഘട്ടമായി സ്കുളുകളിൽ ബോധവത്കരണ പരിപാടികൾ ആരംഭിക്കുന്നത് ഉചിതമാണ്. ആയതുമായി ബന്ധപ്പെട്ട് താഴെചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് നൽകേണ്ടതാണ്.

1. ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾക്ക് സ്കൂളുകളിൽ നേതൃത്വം നല്കുന്നതിന് പ്രസ്തുത പ്രവർത്തനങ്ങളിൽ താല്പര്യമുള്ള ഒരദ്ധ്യാപകനെ ഗ്രീൻ പ്രോട്ടോക്കോൾ ഓഫീസറായി ചുമതലപ്പെടുത്തേണ്ടതാണ്. ജില്ലാ ശുചിത്വ മിഷൻ, അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബന്ധപ്പെട്ട് സ്കൂളിനാവശ്യമായ കമ്പോസ്റ്റിംഗ് ഉപാധികൾ സ്ഥാപിക്കുക, ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക, പ്ലാസ്റ്റിക് ശേഖരണം പുന:ചംക്രമണത്തിന് കൈമാറൽ, കമ്പോസ്റ്റുപയോഗിച്ച് ജൈവ പച്ചക്കറികൃഷി തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവയായിരിക്കും പ്രസ്തുത അദ്ധ്യാപകന്റെ ചുമതല. ഈ അദ്ധ്യാപകന് ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ പരിശീലനം നൽകുന്നതായിരിക്കും.

2. സ്കൂളുകളിൽ നടത്തപ്പെടുന്ന ഗ്രീൻ പ്രോട്ടോക്കോൾ ക്യാമ്പയിന്റെ ആദ്യഘട്ടമായി യു.പി., ഹൈസ്കൂൾ കുട്ടികൾക്കായി ത്രിദിന ശുചിത്വ വെക്കേഷൻ ക്യാമ്പ് 2017 ഏപ്രിൽ 20 മുതൽ മെയ് 10 വരെയുള്ള തീയതികളിലായി നടത്തുന്നു. ഈ ക്യാമ്പിന് **'മാങ്ങ, തേങ്ങ, ചക്ക'** എന്ന് നാമകരണം ചെയ്തിരിക്കുന്നു.

3. സ്കൂൾ പി.ടി.എ അംഗങ്ങൾക്ക് സമയബന്ധിതമായി ഗ്രീൻ പ്രോട്ടോക്കോൾ പരിശീലനം നല്കി സ്കൂളുകളിലെ ശീലം വീടുകളിലേക്ക് വ്യാപിപ്പിക്കാവുന്നതും സ്കൂളുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ സന്ദേശങ്ങളടങ്ങിയ ബോർഡുകൾ പ്രകൃതി സൗഹൃദ വസ്തുക്കളാൽ നിർമ്മിച്ച് സ്ഥാപിക്കാവുന്നതുമാണ്.

4. ശുചിത്വ മിഷനുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ റിങ്ങ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

5. മേൽ നിർദ്ദേശപ്രകാരമുള്ള പദ്ധതികളുടെ ചെലവ് ശുചിത്വ മിഷനുമായി ബന്ധപ്പെട്ട് കണ്ടെത്തേണ്ടതാണ്.

6. ആരോഗ്യ,കായിക വിദ്യാഭ്യാസ പരിശീലനത്തിനായുള്ള കളിസ്ഥലം സംരക്ഷിച്ചു കൊണ്ടായിരിക്കണം ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തേണ്ടത്.

കൂടാതെ കേരളത്തിന്റെ കാർഷികോത്സവമായ വിഷുവുമായി ബന്ധപ്പെട്ട് **"ഈ വിഷു വരും തലമുറയ്ക്ക്"** എന്ന പേരിൽ ആശംസാകാർഡ് നിർമ്മാണ കാമ്പ യിൻ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വിഷു ആശംസാകാർഡ് എല്ലാ കുട്ടികളും തയ്യാ റാക്കി അവയിൽ ഇതോടൊപ്പം ചേർത്തിരിക്കുന്ന സന്ദേശം രക്ഷാകർത്താവിനെക്കൊണ്ട് എഴുതിച്ച് അവരുടെ ഒപ്പ് വാങ്ങി സ്കൂൾ തുറക്കുന്ന ദിവസം കൊണ്ടുവരേണ്ടതാണ്. പ്രസ്തുത കാർഡുകൾ സ്കൂളുകളിൽ പ്രദർശിപ്പിച്ച് കുട്ടികളും അധ്യാപകരും ചേർന്ന് ഏറ്റവും മികച്ചവ തെരെഞ്ഞെടുക്കേണ്ടതാണ്. മികച്ച കാർഡുകൾക്ക് സ്കൂൾ അധികൃതർക്ക് സമ്മാനങ്ങൾ നല്കാവുന്നതാണ്. ഇങ്ങനെ സ്കൂൾ അടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കപ്പെടുന്നവ ശുചിത്വ മിഷന്റെ ജില്ലാ ഓഫീസുകൾക്ക് അയച്ചുകൊടുക്കേ ണ്ടതാണ്. അവയിൽ നിന്ന് ജില്ലാസംസ്ഥാനതലത്തിൽ മികച്ചവ കണ്ടെത്തി ശുചിത്വ മിഷൻ സമ്മാനങ്ങൾ നല്കുന്നതായിരിക്കും. കാർഡ് സൈസ് പരമാവധി A4(29 x 21 cm) (വിവിധ ഷേപ്പുകളും , ഡിസൈനുകളും ആകാം) (പഴയ ആശംസാകാർഡുകൾ, കല്യാണക്കുറികൾ പരിസ്ഥിതി/മാലിന്യ സംസ്കരണ സന്ദേശങ്ങൾ അടങ്ങിയ കലണ്ട റുകളുടെ ഭാഗങ്ങൾ തുടങ്ങിയവ കാർഡ് നിർമ്മിക്കുന്നതിന് ഉപയോഗിക്കാം) എന്നാൽ പ്രകൃതിക്കനുയോജ്യമല്ലാത്ത വസ്തുക്കൾ കാർഡ് നിർമ്മാണത്തിന് ഉപയോഗിക്കാതിരി ക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എഴുതുന്ന സന്ദേശവുമായി ഏറ്റവും നന്നായി യോജിക്കുന്ന വിധത്തിലാകണം കാർഡുകൾ രൂപകൽപന ചേയ്യേണ്ടത്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**
**ജെസ്സി ജോസഫ്**
**അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ(ജനറൽ)**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
കോപ്പി : എക്സിക്യൂട്ടിവ് ഡയറക്ടർ, ശുചിത്വമിഷൻ(അറിവിലേക്കായി)
sanitationkerala@gmail.com

## സന്ദേശം

**"ഈ വിഷു വരും തലമുറയ്ക്ക്"**

"എനിക്ക് ഏറ്റവും പ്രിയപ്പെട്ട മോനെ/മോളെ, എനിക്ക് നിന്നോടുള്ള സ്നേഹത്തിന് അതിരില്ല. നിന്റെ നല്ല ഭാവിക്ക് ശുദ്ധവായുവും, ശുദ്ധജലവും, നല്ല പരിസ്ഥിതിയും ആവശ്യമെന്ന് എനിക്കറിയാം. അതുകൊണ്ട് മാലിന്യങ്ങളോ മറ്റ് പാഴ് വസ്തുക്കളോ ഞാൻ കത്തിക്കുകയോ വലിച്ചെറിയുകയോ ചെയ്യില്ല. എന്റെ വീട്ടിലെ ജൈവമാലിന്യം ഞാൻ കമ്പോസ്റ്റ് ചെയ്യും. അജൈവ പാഴ് വസ്തുക്കൾ തരംതിരിച്ച് വൃത്തിയാക്കി പുനചംക്രമണത്തിന് കൈമാറും. ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം ഉപേക്ഷിച്ച് പുനരുപയോഗ സാധ്യമായ വസ്തുക്കൾ ഞാൻ ശീലമാക്കും" ഇതാണ് ഞാൻ ഇക്കുറി എന്റെ മകന്/മകൾക്ക് നല്കുന്ന വിഷുക്കൈനീട്ടം.